# സർക്കുലർ 13/2015

എം.റ്റി.(3)10791/2015

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 11.03.2015.

വിഷയം: സഹകരണ വകുപ്പ്- മൂന്നാം സഹകരണ ലൈബ്രറി കോൺഗ്രസ്-സഹകരണ ലൈബ്രറികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന : 1) 22.12.2014 ലെ മൂന്നാമത് സഹകരണ ലൈബ്രറി കോൺഗ്രസ്.
2) സഹകരണ സംഘം രജിസ്ട്രാറുടെ 52/08-ാം നമ്പർ സർക്കുലർ

******

സംസ്ഥാനത്തെ സഹകരണ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഊർജ്ജസ്വലമായ പ്രവർത്തനം നടത്തുന്നതിലേക്കാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തൃശ്ശൂരിൽ ചേർന്ന 3-ാം മത് സഹകരണ ലൈബ്രറി കോൺഗ്രസ് തീരുമാനിച്ചിരുന്നു സഹകരണ ലൈബ്രറികൾ വായന സംസ്കാരം വളർത്തുകയും ആയത് ജനങ്ങളുടെ സാംസ്കാരിക വളർച്ചയക്കും സഹകരണ പ്രസ്ഥാനത്തിന്റെ ഉയർച്ചയ്ക്കും നിതാനമായി തീരുന്നതാണെന്ന് അഭിപ്രായമുയരുകയും ചെയ്തിരുന്നു. സഹകരണ മേഖലയിൽ ആരംഭിച്ച ലൈബ്രറികൾ ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റ് ചെയ്യുന്നതിനും സഹകരണ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ലൈബ്രറികളിലെ പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണെന്ന നിർദ്ദേശം ഉയർത്തിയിരുന്നു.

സംസ്ഥാനത്തെ സഹകരണ സ്ഥാപങ്ങളിൽ സഹകരണ ലൈബ്രറികൾ ആരംഭിച്ചിട്ടില്ലാത്ത സംഘങ്ങൾ/ബാങ്കുകൾ, ലൈബ്രറികൾ ആരംഭിക്കേണ്ടതും നിലവിലുള്ള സഹകരണ ലൈബ്രറികൾ സംഘാംഗങ്ങൾക്കും പൊതുജനങ്ങൾക്കും ഗുണകരമെന്ന രീതിയിൽ നടത്തേണ്ടതും ലൈബ്രറി കൗൺസിലുമായി അഫിലിയേഷൻ നടത്താവുന്ന വിധം പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുമാണ്. ആയതിലേയ്ക്ക് ടി രംഗത്തെ സഹകരണ സ്ഥാപനമായ സാഹിത്യ പ്രവർത്തക

സഹകരണ സംഘത്തിൽ നിന്നും പുസ്തകങ്ങൾ പരമാവധി വാങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സഹകരണ സംഘങ്ങളുടെ പരിശോധന വേളയിൽ സഹകരണ ലൈബ്രറികളുടെ പ്രവർത്തനവും ഇൻസ്പെക്ടർമാർ പരിശോധനാ വിധേയമാക്കേണ്ടതും പുസ്തകങ്ങളുടെ ഭൂരിഭാഗവും സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളതെന്ന കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

ടി വിവരങ്ങൾ എല്ലാ ജോയിന്റ് രജിസ്ട്രാർമാരും, അസിസ്റ്റന്റ് രജിസ്ട്രാർമാരും സംഘങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്
എസ്.ലളിതാംബിക I.A.S
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

(1) രജിസ്ട്രാർ, അഡീഷണൽ രജിസ്ട്രാർ എന്നിവരുടെ മേശപ്പുറത്ത്.
(2) ആഡിറ്റ് ഡയറക്ടർ.
(3) എല്ലാജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
(4) എഡിറ്റർ സഹകരണ വീഥി, സഹകരണ ജേർണൽ പ്രസിദ്ധീകരണത്തിന്.
(5) വെബ്സൈറ്റ്.
(6) സ്റ്റോക്ക് ഫയൽ.

// ആജ്ഞാനുസരണം //

അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി/എം.റ്റി).

ബിഎൻ.11.3.15